**File No.TCPCTP/2189/2019-D1**

<u>മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം</u>
<u>തിരുവനന്തപുരം</u>

വിഷയം:- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം -കാസർഗോഡ് ജില്ല പള്ളിക്കര ഗ്രാമപഞ്ചായത്ത് പെട്രോൾ പമ്പ് നിർമ്മാണം - ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. പള്ളിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 7/12/2019 ലെ എ 2/1001/19 നമ്പർ കത്ത്.
2. കാസർഗോഡ് ടൗൺ പ്ലാനറുടെ 16/09/2019 ലെ TCPKSD/845/19-C നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/2189/2019-D1 തീയതി:**19/12/2019**

---

കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പള്ളിക്കര വില്ലേജിൽ സർവ്വേ നമ്പർ 369/6, 391/1 (പുതിയ നമ്പർ.107/3pt) - ൽ ഉൾപ്പെട്ട 2411 ച.മീ. സ്ഥലത്തുനിന്നും 1174 ച.മീ സ്ഥലം വേർതിരിച്ച് sales building(36.28.ച.മീ), canopy(240.ച.മീ) ഉൾപ്പെടെ 276.28 ച.മീ. തറ വിസതീർണ്ണമുള്ള Group-I Hazardous Occupancy-ൽ പ്പെട്ട പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. മുനീർ.എസ്.എ (POA), അബ്ദുൾ ലത്തീഫ്.കെ.എം.-ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. കെ.പി.ബി.ആർ.2011-ലെ ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, സർവ്വെ നമ്പർ, വിസ്തൃതി, അളവുകൾ, എന്നിവ മുനിസിപ്പൽ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2. നിർദ്ദിഷ്ട നിർമ്മാണം കെ .പി.ബി.ആർ 2011-നും അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും വിധേയമായിരിക്കണം.
3. ഉപരിതല ഖര-ജലമാലിന്യ സംസ്കരണത്തിന് ശാസ്ത്രീയവും പര്യാപ്തവുമായ സജ്ജീകരണം ഒരുക്കേണ്ടതാണ്.
4. അനുബന്ധ ഏജൻസികളിൽ നിന്നും പൊല്യൂഷൻ കൺട്രോൾ ബോർഡ് , ഫയർഫോഴ്സ്, കേരള തീരദേശ പരിപാലന അതോറിറ്റി, ആർക്കിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ തുടങ്ങിയവകുപ്പുകളിൽനിന്നും എൻ.ഒസി ലഭ്യമാക്കേണ്ടതാണ്.
5. കെ.പി.ബി.ആർ.2011 പ്രകാരം ജലത്തിന്റെ ഉപയോഗ ഫലമായി ഉത്പാദിപ്പിക്കപ്പെടുന്ന മലിന ജലത്തിന്റെ ശുദ്ധീകരണം വഴിയുള്ള പുനരുത്പാദനത്തിനും പുനരുപയോഗത്തിനും പ്രത്യേകമായി വ്യവസ്ഥ ചെയ്യേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല.

File No.TCPCTP/2189/2019-D1

കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 163/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ജയശ്രീ. പി. ആർ.
ടൗൺ പ്ലാനർ

സെക്രട്ടറി,
പള്ളിക്കര ഗ്രാമപഞ്ചായത്ത്, കാസർഗോഡ്
പകർപ്പ്:-

1. ശ്രീ.മുനീർ.എസ്.എ. (POA), അബ്ദുൾ ലത്തീഫ്.കെ.എം., അൽ-അൻഫൽ, ഉദുമ-പി.ഒ, കാസർഗോഡ്-671319
2. ടൗൺ പ്ലാനർ, കാസർഗോഡ്
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം